# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1638/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1638/22 തീയ്യതി: 13/02/2023

## കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2021 മുതൽ 06-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 12-12-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ഗണേശൻ കേളോത്ത് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിഷ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നിഖില.എ.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സനിൽ.പി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത് കുമാർ.പി | സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി.മുന്ന.പി.സദാനന്ദ് | സെക്രട്ടറി | 16-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അതുൽ.വി | കൃഷി ഓഫീസർ | 01-04-2021 | 24-06-2021 |
| ശ്രീമതി.നദീറ.ഇ | കൃഷി ഓഫീസർ | 25-06-2021 | 24-08-2021 |
| ശ്രീമതി.സുമിയ്യ.പി.വി | കൃഷി ഓഫീസർ | 25-08-2021 | 31-03-2022 |
| ഡോ.ഷൈജി.പി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സാഹിന.എ.കെ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.ദീപ രാജ്.വി.ടി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഷബാന ബീഗം.സി.ഇ.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രജിത്ത് .ടി.പി | വി ഇ ഒ (കതിരൂർ സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ലത.എം.വി | വി ഇ ഒ (പൊന്ന്യം സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ബബിത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 28-11-2021 |
| ശ്രീമതി.ബിന്ദു.എ.ഒ | ഐ സി ഡി എസ് സൂപ്പർവൈസർ | 29-11-2021 | 31-03-2022 |
| ശ്രീ.സന്തോഷ് കുമാർ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷാജ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 12-02-2022 |
| ശ്രീ.പ്രമോദ്.നള്ളക്കണ്ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 13-02-2022 | 31-03-2022 |
| ശ്രീ.വിനോദൻ.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീ.വിനീഷ്.ടി | ഹെഡ് മാസ്റ്റർ | 01-06-2021 | 08-12-2021 |

| | | | |
|---|---|---|---|
| ശ്രീ.രാജൻ.എം.വി | ഹെഡ് മാസ്റ്റർ | 09-12-2021 | 31-03-2022 |
| ശ്രീമതി.ഷിബിന.എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 09-08-2021 |
| ശ്രീ.ഷാജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 10-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തീക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതിഅവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ | 1-7-1 |
| 10 | സർവ്വീസ് /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്നത് | 1-7-2 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമ സഭ | 1-10 |
| 14 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 15 | അൺഓതറൈസ്ഡ് കെട്ടിടം-വസ്തുനികുതി കൃത്യമായി ഒടുക്കിയിട്ടില്ല | 1-12 |
| 16 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല | 1-13 |
| 17 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-14 |
| 18 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 19 | ഇ ടെണ്ടർ - മുഴുവൻടെണ്ടർ ഫീസ് വരവും- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല. | 1-16 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | 1-17 |
| 21 | തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധന - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹55716തടസ്സപ്പെടുത്തുന്നു. | 1-18 |
| 22 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-19 |
| 23 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - കൃത്യത പരിശോധിക്കാൻ സേവന പുസ്തകം ലഭ്യമായിട്ടില്ല | 1-20 |

| | | |
|---|---|---|
| 24 | ഡെഫേർഡ് സാലറി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-21 |
| 25 | പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് സർക്കാർ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-22 |
| 26 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-23 |
| 27 | KSEB ക്ക് അരിയർ തുക നൽകൽ - മറുപടി / രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹1,54,000 തടസ്സപ്പെടുത്തുന്നു. | 1-24 |
| 28 | വളം വിതരണ രജിസ്റ്റർ സൂക്ഷിപ്പ് അപാകങ്ങൾ | 1-25 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 1-26 |
| 30 | സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യകൃഷി-ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-27 |
| 31 | ലൈഫ് മിഷൻ ഭവന പദ്ധതി-(പട്ടികജാതി)-ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-28 |
| 32 | ലൈഫ് മിഷൻ ഭവന പദ്ധതി-(ജനറൽ) അപാകതകൾ | 1-29 |
| 33 | ലൈഫ് മിഷൻ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കക്കൂസ്-ധന സഹായം-അപാകതകൾ - 13600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 34 | ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-31 |
| 35 | സ്വയം തൊഴിൽ സംരംഭം(വ്യക്തിഗതം)-സംരംഭം പ്രവർത്തിക്കുന്നില്ല-₹40000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-32 |
| 36 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ-₹1302100 തടസ്സപ്പെടുത്തുന്നു. | 1-33 |
| 37 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല | 1-34 |
| 38 | ഹരിത കർമസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകൽ- അപാകങ്ങൾ | 1-35 |
| 39 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് ബിൽ തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് ചെയ്തിട്ടില്ല | 1-36 |
| 40 | ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ - ₹400000 മരുന്ന് ലഭ്യമായിട്ടില്ല | 1-37 |
| 41 | മുൻകൂറായി ഒടുക്കിയ തുക തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കാതെ സ്പിൽ ഓവറായി നേരിട്ട് ചെലവഴിച്ചു | 1-38 |
| 42 | തുടർ വിദ്യാഭ്യാസം സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് | 1-39 |
| 43 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പ് | 1-40 |
| 44 | കാലിവീപ്പയുടെ വില ടാർ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിലേക്ക് ഒടുക്കുന്നില്ല | 1-41 |
| 45 | അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-42 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ്റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 12.2.2021 ലെ അജണ്ട 2- 78/2021 നമ്പർ തീരുമാന പ്രകാരം ബജറ്റും, 24.3.2022 ലെ അജണ്ട - 2-55/2022 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,17,48,346.95 | 1,06,75,137.95 |
| വരവ് | 20,17,50,200 | 45,87,57,457.00 |
| ആകെ | 21,34,98,546.95 | 46,94,32,594.95 |
| ചെലവ് | 20,26,19,138 | 45,44,70,308.00 |
| നീക്കിയിരിപ്പ് | 1,08,79,408.95 | 1,49,62,286.95 |

## 1-2 വാർഷിക ധനകാര്യ പത്രിക

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 12.05.2022ലെ 105/2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 16.05.2022 തീയതിയിൽ ഏയിംസിൽ സമർപ്പിച്ചിട്ടുണ്ട്. 11.10.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. ഗ്രാമ പഞ്ചായത്തിലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയുടെ ബാധ്യത B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ക്രിമറ്റോറിയം ഫീസ് ഇനത്തിൽ ₹1543500വരവ് ഉണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. അസറ്റ്, ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

5.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, വാഹനം തുടങ്ങിവയുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ (B-11 Schedule) ൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് തുക സുലേഖ ചെലവു പത്രികയുമായും വാർഷിക ധനകാര്യ പത്രികയിലെ I-6 ഷെഡ്യൂളിലെ തുകയുമായും പൊരുത്തപ്പെടുന്നില്ല.

7.ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B-2 ഷെഡ്യൂളിൽ ₹438633യും B-17 & RP-40(b) ഷെഡ്യൂളിൽ ₹435133 യുമാണ്. ₹3500യുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്

8. B4-ഷെഡ്യൂൾ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റ് ഇനങ്ങളുടെ ഇനം തിരിച്ചുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

9. വാർഷിക കണക്കിലെ ഷെഡ്യൂൾ RP-5 പ്രകാരം ടെണ്ടർ ഫോറം വില്പനയിൽ ₹209591 വരവുണ്ട്. എന്നാൽ ടെണ്ടർ

ഫോറം രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 62- E ൽ നിർദ്ദേശിച്ച പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-3 ൽ നിർദ്ദേശിച്ച പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

11. (ചട്ടം 62-4) ൽ നിർദ്ദേശിച്ച പ്രകാരം വാർഷിക കണക്കിലെ റസീറ്റ് & പെയ്മെന്റ്, ബാലൻസ്ഷീറ്റിലെ തുകകൾ അടുത്തുള്ള രൂപയിലേക്ക് റൗണ്ട് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തീക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,54,51,431.95 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,03,08,507.00 |
| ആകെ | 9,57,59,938.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,37,20,968.00 |
| നീക്കിയിരിപ്പ് | 1,20,38,970.95 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,65,416 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17219424 | 17219424 | 17124607 | 94817 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 799439 | 799439 | 786000 | 13439 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 8361762 | 8361762 | 8235000 | 126762 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 5669257 | 5669257 | 4653513 | 1015744 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 85,19,812.00 | 85,19,812.00 | 44,85,931.00 | 40,33,881.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഫണ്ട് | 0 | 32,06,000.00 | 32,06,000.00 | 32,02,625.00 | 3375.00 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| എം എൻ ആർ ഇ ജി എസ് | 998 | 48156050 | 48157048 | 48153443 | 3605 |
| ഐ സി ഡി എസ്- | 900 | 1063163 | 1064063 | 1003104 | 60959 |
| എം പി ഫണ്ട് | 20 | | 20 | 20 | 0 |
| ശുചിത്വമിഷൻ | 2257264 (2085643 + 171621) | 0 | 2257264 | 2247283 | 9981 |
| സാക്ഷരത | 11066 | 447 | 11513 | 0 | 11513 |
| ജലനിധി | 828886 | 21998 | 850884 | 850884 | 0 |
| വിമുക്തി | 33000 | 10765 | 43765 | 10765 | 33000 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് - ജില്ലാതലം | 797955 | 0 | 797955 | 0 | 797955 |
| അദർ സ്കീം | 0 | 28945 | 28945 | 28945 | 0 |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 185 | 7,06,15,465 | 153 | 5,48,88,283 | 149 | 4 | 32 | 81 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 27,13,460 | 9 | 19,87,908 | 9 | 73 |
| 2 | വെറ്റിനറിസർജൻ | 12,99,000 | 6 | 12,98,995 | 6 | 100 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 31,05,235 | 10 | 29,53,044 | 10 | 95 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 5,90,000 | 3 | 5,60,070 | 3 | 95 |
| 5 | മെഡിക്കൽഓഫീസർ (ആയുർവേദം) | 9,60,000 | 2 | 9,48,995 | 2 | 99 |
| 6 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -കതിരൂർ | 68,47,408 | 20 | 62,46,849 | 19 | 95 |
| 7 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -പൊന്ന്യം | 67,25,000 | 6 | 65,06,841 | 5 | 97 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 59,62,668 | 12 | 56,78,908 | 12 | 95 |
| 9 | സെക്രട്ടറി | 48,62,063 | 25 | 42,96,748 | 22 | 88 |
| 10 | അസിസ്റ്റന്റ്എഞ്ചിനീയർ | 3,17,64,420 | 74 | 2,09,14,385 | 50 | 66 |
| 11 | അസിസ്റ്റന്റ്സെക്രട്ടറി | 2,61,510 | 5 | 2,47,253 | 5 | 95 |
| 12 | ഹെഡ്മാസ്റ്റർ | 25,16,330 | 7 | 12,83,730 | 4 | 51 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 17,48,700 | 3 | 15,64,350 | 3 | 89 |
| 14 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 12,59,671 | 3 | 4,00,207 | 3 | 32 |
| | ആകെ | 7,06,15,465 | 185 | 5,48,88,283 | 153 | 78 |

## 1-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 998 | 386717 | 387715 | 384110 | 3605 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 47769333 | 47769333 | 47769333 | 0 |
| ആകെ | 998 | 48156050 | 48157048 | 48153443 | 3605 |

തൊഴിൽ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2460 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം (ഫാമിലി) | 613 |
| 2021-22 ൽ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | 134 |
| 2021-22 ൽ നൽകിയ തൊഴിൽ ദിനങ്ങൾ | 46870 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവരുടെ എണ്ണം | 372 |
| 2020-21 ൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവരുടെ എണ്ണം | 334 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം (വ്യക്തികൾ) | 661 |

ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻകൂറായി ലഭിച്ച തുകയുടെ വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 333430 |
| തൻവർഷം മുൻകൂറായി ലഭിച്ച തുക | 771037 |
| ആകെ | 1104467 |

| | |
|---|---|
| തൻവർഷം തിരിച്ചടച്ച തുക | 330430 |
| 31.03.2022 തീയതിയിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക | 774037 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 34,28,200 | 220 |
| വിധവാപെൻഷൻ | 1,83,79,600.00 | 1194 |
| വാർദ്ധക്യകാലപെൻഷൻ | 4,11,00,000.00 | 2854 |
| ഭിന്ന ശേഷി പെൻഷൻ | 55,23,100.00 | 357 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 57,50,200 | 381 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,50,000 | 15 |

## 1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം ഡെത്ത് രജിസ്ട്രേഷൻ സമയത്ത് കതിരൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ/ തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| കല്യാണി.പി.കെ | 923513816501 | 111470200357 | 64/21 Dt 1.6.21 | 20.5.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 വരെ |
| മാധവി കോട്ടായി | 947613080267 | 111470200625 | 65/21 DT 4.6.21 | 26.5.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 വരെ |
| P RAJAN - | 211386531741 | 2220236788 | 68/21 DT | 1.6.21 | ക്ഷേമനിധി ബോർഡ് പെൻഷൻ Agriculture Pension | 9/22 വരെ |

| | | | | | | |
|---|---|---|---|---|---|---|
| Raghavan. K | 759177681695 | 2220236519 | 69/21 DT 17.5.21 | 28.4.21 | ക്ഷേമനിധി ബോർഡ് പെൻഷൻ Agriculture Pension | 6/21 വരെ |
| Mukundan. A | 566820918316 | 2220236611 | 76/21 DT 24.6.21 | 25.5.21 | ക്ഷേമനിധി ബോർഡ് പെൻഷൻ Agriculture Pension | 10/21 വരെ |
| ടി കെ ജമീല | 292069921553 | 111470202618 | 77/21 Dt 24.6.21 | 8.6.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/22 വരെ |
| നളിനി കെ | 317609684182 | 102210202283 (തലശ്ശേരി നഗരസഭ ) | 80/25.6.21 | 7.5.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 വരെ |
| സരസ്വതി മാറോളി | 986961049943 | 111680600251 പായം ഗ്രാമ പഞ്ചായത്ത് | 86/21 DT 8.7.21 | 6.5.21 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 6/21 |
| ഭാർഗ്ഗവി അമ്മ കെ എം | 938151255507 | 111310601486 ചിറക്കൽഗ്രാമ പഞ്ചായത്ത് | 92/21 DT 13.7.21 | 2.6.21 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 4/22 വരെ |
| ആയിശ.ടി | 835005290599 | 111470600878 | 94/21 DT 15.7.21 | 28.5.21 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 9/22 വരെ |
| ചിങ്ങൻ ശ്രീധരൻ - | 252539348608 | 111470202524 | 99/21 DT 23.7.21 | 18.7.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 |
| ശാരദ.വി.കെ | 270411416176 | 111470201514 | 100/21 DT 23.7.21 | 1.7.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/21 വരെ |
| സതി കെ എം | 758518525576 | 111470500391 | 105/21 DT 29.7.21 | 17.7.21 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 8/21 |
| അന്ദു കെ എം | 386411020874 | 111470203398 | 108/21 DT 30.7.21 | 8.7.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/22 വരെ |
| മൊയ്തു എ - | 883536789625 | 111470202082 | 142/2021 തീയതി ഇല്ല | 23.9.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/22 വരെ |
| സക്കറിയ വയലിൽ പറമ്പത്ത് | 292491944061 | 111470202950 | ലഭ്യമല്ല | 30.10.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/21 വരെ |
| ഉസ്മാൻ .പി.ഒ | 953946546417 | 102210206440 | 167/21 DT 1/11/21 | 1.11.2021 | ദേശീയ വാർദ്ധക്യകാല | 9/22 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പെൻഷൻ | |
| വി പി നാരായണൻ | 835665599453 | 111470200180 | 25/22 Dt27.1.22 | 29.11.21 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 1/22 |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും, മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആ തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിക്കാറില്ല എന്നും, മേലിൽ വിവരം അറിയിക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (45/16.11.2022) മറുപടി നൽകിയത്. മരണ രജിസ്റ്റർ ചെയ്യുമ്പോൾ സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും യഥാസമയം പെൻഷൻ സസ്പെൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7-2 സർവ്വീസ് /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്നത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കതിരൂർ ഗ്രാമ പഞ്ചായത്തിൽ താഴെ കാണും പ്രകാരം സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്ന 2 പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ ശ്രീമതി. രത്നവല്ലി കെ, എന്നവർക്ക് ₹53,200 തിരിച്ചടക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കത്ത് അയച്ചിട്ടുണ്ട്. എന്നാൽ ശ്രീ.എം.പി.വേണുഗോപാലൻ എന്ന വ്യക്തി ഗ്രാമപഞ്ചായത്തിന്റെ കത്തിന് പുന:പരിശോധന ഹരജി നൽകിയതായി കാണുന്നു.

ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.03.2021ലെ അജണ്ട 1 ൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 5 പേരുടെ (ശ്രീ.എം.വി ഭാസ്കരൻ, ശ്രീ.ചന്ദ്രൻ.എ.കെ, ശ്രീമതി.മീറ.എം.സി, ശ്രീമതി.രത്നവല്ലി .കെ, ശ്രീ.എം.പി.വേണുഗോപാലൻ) ക്ഷേമ പെൻഷൻ തിരിച്ച് ഈടാക്കാനായി നോട്ടീസ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ശ്രീമതി രത്നവല്ലി, ശ്രീ. വേണുഗോപാലൻ എന്നിവരുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അനർഹമായി കൈപ്പറ്റുന്ന ആനുകൂല്യങ്ങൾ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34808 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാമ്പത്തിക വർഷാവസാനം (3/22ൽ) സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടില്ല എന്നതൊഴിച്ചാൽ ബാക്കി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായി കൂടിയിട്ടുണ്ട്. സമഗ്ര ജോലി വിഭജന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഡിംഗ് ഫയൽ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2010-11 മുതലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചുകാണുന്നു. ആദ്യമായി പദ്ധതി നിർവ്വഹണം നടത്തുന്ന ഇംപ്ലിമെന്റ് ഓഫീസർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി, പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിലും പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതിലും ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല .
കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ തടയാനുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

## 1-10 ഗ്രാമ സഭ

2021-22 വർഷത്തിൽ ഒരു തവണ മാത്രമാണ് ഗ്രാമ സഭകൾ (15/1/2022) ചേർന്നിട്ടുള്ളത്. ഈ ഗ്രാമ സഭകളിൽ 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകാരം, MGNREGS ലേബർ ബജറ്റ് അംഗീകാരം, അതി ദരിദ്രരുടെ പട്ടിക അംഗീകാരം ,15$^{th}$ ധനകാര്യകമ്മീഷൻ ഗ്രാന്റ് പ്രോജക്ട് നിർദ്ദേശങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട അജണ്ടകൾ. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3A-3 ൽ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

യോഗത്തിൽ ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചർച്ച ചെയ്തതായി കാണുന്നില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3 പ്രകാരം ഓരോ ഗ്രാമ സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി ഗ്രാമ സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ആസൂത്രണ സമിതിയിൽ 23 പേർ അംഗങ്ങളായി ഉൾപ്പെട്ടിട്ടുണ്ട്. മിനുട്ട്സ് സൂക്ഷിപ്പ് തൃപ്തികരമല്ല. യോഗം ചേർന്നതിന്റെ വിവരം, അജണ്ട, മിനുട്ട്സ് ഒന്നും എഴുതിയിട്ടില്ല .

13 വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ 4,5 തവണ വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുണ്ട്. ചില വർക്കിംഗ് ഗ്രൂപ്പ്, മിനുട്ട്സിൽ പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ചില വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നുമില്ല. സ്റ്റിയറിംഗ് കമ്മിറ്റി 2/22ൽ മാത്രം യോഗം ചേർന്നിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും മിക്ക പ്രോജക്ടുകളുടേയും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-12 അൺഓതറൈസ്ഡ് കെട്ടിടം-വസ്തുനികുതി കൃത്യമായി ഒടുക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം പഞ്ചായത്തിൽ ആകെ 13 അനധികൃത കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ ഒരെണ്ണം 2019-20 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി കൃത്യമായി ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉപയോഗക്രമം | വാർഷിക നികുതി തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 18/130/A | റസിഡൻഷ്യൽ ബിൽഡിംഗ് | 12336 | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഒടുക്കിയിട്ടില്ല |

മേൽ കെട്ടിടത്തിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/11.11.22) ലഭ്യമാക്കിയ മറുപടിയിൽ നികുതി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

2014-15,2015-16,2016-17 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി | സഞ്ചയ പ്രകാരം നികുതി നിർണയിച്ച |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | നം | | | പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെയും വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | തറവിസ്തീർണം(ച.മീ) |
| 1 | 4/511 | അഞ്ചാംകുടി പത്മനാഭൻ | 169/14-15 30.06.14 To 29.06.17 | GF(നിലവിലുള്ളത്)-69.03 FF(proposed)-61.08 | 43 |
| 2 | 7/328 | വയൽ ചന്ത്രോത്ത് റഫീക്ക് | 248/15-16 01.02.16 To 31.01.19 | GF(നിലവിലുള്ളത്)-133.85 FF(pro)-82.70 | 125 |
| 3 | 14/435 | നരോൻ വത്സല | 281/15-16 01.02.16 To 31.01.19 | GF(നിലവിലുള്ളത്)-81.25 FF(pro)-69.05 | 60 |
| 4 | 7/329 | മണക്കണ്ടത്തിൽ റഹിം | 314/15-16 19.04.16 To 18.04.19 | GF(നിലവിലുള്ളത്)-128.66 FF(pro)-95.97 | 130 |
| 5 | 4/500 | കയ്യന്തല രാജൻ | 35/16-17 28.07.16 To 27.07.19 | GF(നിലവിലുള്ളത്)-89.45 FF(pro)-54.94 | 75 |
| 6 | 5/116 | എ സി നാസർ | 45/16-17 15.06.16 To 14.06.19 | GF(നിലവിലുള്ളത്)-73.23 FF(pro)-71.15 | 72 |
| 7 | 17/341 | പുതുക്കുടി സുഹറ | 90/16-17 26.04.17 To 25.04.20 | GF(നിലവിലുള്ളത്)-83.01 FF(pro)-11.85 | 40 |
| 8 | 17/106 | മുല്ലോളി വിനോദ് | 101/16-17 17.08.16 To 16.08.19 | GF(നിലവിലുള്ളത്)-96.71 FF(pro)-64.92 | 99 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങളിൽ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/11.11.22) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. പെർമ്മിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. (ഉദാഃ ക്രമ നം.7) നിജസ്ഥിതി പരിശോധിച്ച് നികുതിചോർച്ച നികുതിച്ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും

തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)2021-22 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരംഭം |
|---|---|---|---|
| 1 | ഷിജി | 3 | 15/478,479 ഹോട്ടൽ |
| 2 | ബി. നിധീഷ് | 3 | 16/405 L ബിൽഡിംഗ് & ഡിസൈനിംഗ് |
| 3 | റിഷഫാദ്. ആർ | 4 | 14/17 A ഹാർഡ് വെയർ |
| 4 | സ്മിത്ത്. പി | 3 | 16/488 A കാർ വർക്ക്ഷോപ്പ് |
| 5 | ആദിൽ | 3 | 15/555 ഫാർമസി |
| 6 | ദാസൻ | 2 | 9/200 ജൈവ വള നിർമാണം |
| 7 | അജിത. കെ | 5 | 8/212, 213 ബേക്കറി |
| 8 | സുധാകരൻ. പി | 2 | 14/102 വിപണന കേന്ദ്രം |
| 9 | ടി.കെ. ലിജി | 4 | 15/810 വെളിച്ചെണ്ണ നിർമാണം |
| 10 | സുരേഷ് ബാബു. ടി | 3 | 14/338 A വെൽഡിംഗ് |
| 11 | അഷ്റഫ് | 5 | 14/64 ലാബ് |
| 12 | റസാക്ക് | 5 | 3/413 F ക്ലിനിക്ക് |
| 13 | വൈശാഖ് | 3 | 14/508,509 ബേക്കറി |
| 14 | രാധാകൃഷ്ണൻ. കെ | 3 | 8/80 ഫർണിച്ചർ നിർമാണം |
| 15 | സുധീർ. കെ | 4 | 14/211 C D സ്റ്റേഷനറി |
| 16 | സുബൈദ. എ. കെ | 5 | 3/445 ഗ്രോസറി |

2. 2021-22 വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പ്രകാരം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1)ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്ക നിയമിച്ച ഡ്രൈവർമാർ.

2)അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ

3)ഗ്രാമ പഞ്ചായത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും 2021-22 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.11.22 ) നല്കിയ മറുപടിയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മേല്പറഞ്ഞ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 1961 കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1725 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 115 |
| 3 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 77 |
| 4 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 31 |
| 5 | ഇതര വ്യവസായങ്ങൾക്കുള്ളവ | 13 |
| | ആകെ | 1961 |

2021-22 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്ററിൽ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 679 കെട്ടിടങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 1282 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.17/11.11.2022) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 35% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 65% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 ഇ ടെണ്ടർ - മുഴുവൻടെണ്ടർ ഫീസ് വരവും- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ

ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തു വന്നിരുന്നത്. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ 31.03.2018 വരെ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത 362519രൂപയിൽ 272000 രൂപ ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. 31.03.2018 വരെയുള്ള കിട്ടാൻ ബാക്കിയുള്ള 90519 രൂപയും 2019-20 മുതൽ 2021-22 വരെയുള്ള തുകയും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 (1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019 തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ഇനം | വർഷം | തുക |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ എംഡി | 2014-15 മുതൽ 2018-19 വരെ | ₹23530 |
| സപ്ലയേഴ്സ് ഇ എംഡി | 2014-15 മുതൽ 2018-19 വരെ | ₹30496 |
| ബിഡേഴ്സ് ഇ എംഡി | 2014-15 മുതൽ 2018-19 വരെ | ₹10242 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2014-15 മുതൽ 2018-19 വരെ | ₹23725 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2014-15 മുതൽ 2018-19 വരെ | ₹6840 |
| ഓക്ഷൻ ഡെപ്പോസിറ്റ് | 2014-15 മുതൽ 2018-19 വരെ | ₹1505 |
| കോൺട്രാക്ടേഴ്സ് റീട്ടൻഷൻ | 2018-19 | ₹40438 |
| അദർ ഡെപ്പോസിറ്റ് | 2010-11 മുതൽ 2015-16 വരെ | ₹122544 |
| ആകെ | | ₹259320 |

2021-22 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹ 913407 നീക്കിയിരിപ്പുണ്ട്. ആയതിൽ ₹259320 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകയാണ്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഭരണസമിതിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-18 തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധന - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹55716തടസ്സപ്പെടുത്തുന്നു.

| ഇനം | വൌച്ചർ നം., തീയതി & തുക |
|---|---|

| | |
|---|---|
| പാലക്കണ്ടി - ചുണ്ടങ്ങാപൊയിൽ പറാംകുന്ന് സ്മാരക നിലയം വരെയുള്ള റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് KSEB, കതിരൂരിന് നൽകിയത് | 22101099/14.1.2022 ₹25723 |
| വാർഡ് III, ലെ റോഡരികിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB, കതിരൂരിന് നൽകിയത് | 22101179/4.2.2022 ₹29993 |
| ആകെ | '₹55716 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രം,, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53/17.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹55716 തടസ്സപ്പെടുത്തുന്നു.

## 1-19 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയിട്ടില്ല

വൗച്ചർ നമ്പർ തീയതി തുക 22100296/8.7.2021 ₹333619
വൗച്ചർ നമ്പർ തീയതി തുക 22100297/8.7.2021 ₹944382

ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ജോലിചെയ്തിരുന്ന കാലയളവിലെ കുടിശികയും തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിലെ തുക അനുവദിച്ചപ്പോൾ, ജീവനക്കാർ മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് / തസ്തിക | കതിരൂർ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | സന്തോഷ് കുമാർ ജി, അസി.സെക്രട്ടറി | 17.12.2019 | 48480 | 01.01.2019 മുതൽ 16.12.2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 2 | സ്മിത പുതിയോട്ടിൽ അക്കൌണ്ടന്റ് | 5.11.2020 | 38080 | 01.01.2019 മുതൽ 4.11.2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 3 | വിനീത വി പി സീ.ക്ലർക്ക് | 3.9.2019 | 34336 | 01.01.2019 മുതൽ 2.9.2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 4 | റോഷ്നി രവീന്ദ്രൻ സീ.ക്ലർക്ക് | 6.9.2019 മുതൽ 20.9.2019 വരെ 15.7.2020 | 34334 | 01-01-2019 മുതൽ 5.9.2019 വരെയും 21.9.2019 മുതൽ 14.7.2020 വരെയും ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |

ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിനെ (ഓഡിറ്റ് എൻക്വയറി നം.51/17.11.2022) തുടർന്ന് രണ്ട് ജീവനക്കാരുടെ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും മേൽ പരാമർശിച്ച നാല് പേരുടെ സാക്ഷ്യപത്രങ്ങൾ ഉടൻ തന്നെ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - കൃത്യത പരിശോധിക്കാൻ സേവന പുസ്തകം ലഭ്യമായിട്ടില്ല

ശ്രീ. രവീന്ദ്രൻ തയ്യുള്ള പറമ്പത്ത്, മുൻ ഹെഡ് ക്ലർക്കിന് 1.1.2019 മുതൽ 25.5.2020 വരെയുള്ള ക്ഷാമ ബത്ത കുടശ്ശികയായി 46103 രൂപ (വൗച്ചർ നം. 22100308/14.7.2021) അനുവദിച്ചിട്ടുണ്ട്. എന്നാൽ സേവന രജിസ്റ്റർ പരിശോധനയ്ക്ക് ലഭിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ജീവനക്കാരന്റെ സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.48/17.112022ന് ശ്രീ. രവീന്ദ്രൻ തയ്യുള്ള പറമ്പത്ത് 25.5.2020 ന് ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥലം മാറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും 31.5.2020 ന് സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ടെന്നും പെൻഷനുമായി ബന്ധപ്പെട്ട് സേവന പുസ്തകം ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ടെന്നും ടിയാളുടെ സേവന പുസ്തകം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണ് സൂക്ഷിക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

1.1.2019 മുതൽ 25.5.2020 വരെ അനുവദിച്ച ക്ഷാമബത്തയുടെ കൃത്യത പരിശോധിക്കുന്നതിന് സേവന പുസ്തകം ഹാജരാക്കേണ്ടതാണ്.

## 1-21 ഡെഫേർഡ് സാലറി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

ജി.ഒ(പി) 140/2020/ധന തീയതി 25-10-2020 ഉത്തരവ് പ്രകാരം കോവിഡ് കാരണം ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് മാറ്റിവെച്ച ശമ്പളം 1.6. 2021 മുതൽ (2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ) മാറ്റിവെച്ച തുകക്ക് അനുസൃതമായി മാസ ഗഡുക്കളായി തിരികെ നൽകുന്നതിനാണ് നിർദ്ദേശം നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് മുഴുവൻ തുകയും ചെക്ക് നം.594562/28.4.2021 - ₹510012 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും ഒന്നിച്ച് അനുവദിച്ചതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം. 52/17.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് സർക്കാർ ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05.11.2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01.06.2021 വരെ അനുവദിക്കുകയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(പി) 104/2021/ഫിൻ തീയതി 26.07.2021 പ്രകാരം 01.06.2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിനു മുമ്പ് താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് /തസ്തിക | വൗച്ചർ നമ്പർ, തീയതി, തുക | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സന്തോഷ് കുമാർ ജി, അസി.സെക്രട്ടറി | 22100167/2.6.2022 ₹546086 | ₹59829 |
| 2 | ഷബ്ന കെ വി, ഹെഡ് ക്ലർക്ക് | | ₹57054 |
| 3 | സ്മിത പുതിയോട്ടിൽ അക്കൌണ്ടന്റ് | | ₹51837 |
| 4 | വിനീത വി പി സീ.ക്ലർക്ക് | | ₹42513 |
| 5 | റസീന കെ പി സീ.ക്ലർക്ക് | | ₹44733 |
| 6 | സുൽഫത്ത് വി പി സീ.ക്ലർക്ക് | | ₹44733 |
| 7 | റോഷ്നി രവീന്ദ്രൻ സീ.ക്ലർക്ക് | | ₹42513 |
| 8 | മഹേഷ് പിപി ഡ്രൈവർ സീ.ഗ്രേ | | ₹41514 |
| 9 | വിപിന പി പി ക്ലർക്ക് | | ₹30304 |
| 10 | ശ്രീലേഖ മാണിക്കോത്ത് ക്ലർക്ക് | | ₹34521 |
| 11 | ബീനാകുമാരി നെടുങ്കണ്ടി ക്ലർക്ക് | | ₹38174 |
| 12 | സച്ചിൻ കെ പി ക്ലർക്ക് | | ₹30304 |
| 13 | തുളസി എം സീ.ക്ലർക്ക് | 22100233/28.6.2022 ₹42513 | ₹42513 |

സർക്കാറിൽ നിന്ന് വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ്, സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/16.11.2022 ന് 05.11.2020ലെ ഉത്തരവിൽ എല്ലാ ജീവനക്കാരുടേയും ലീവ് സറണ്ടർ ആനുകൂല്യം 01.06.2021 തീയതി മുതൽ അനുവദിക്കുകയുള്ളൂവെന്ന് പരാമർശിച്ചിട്ടുണ്ടെന്നും തുടർന്നുള്ള ഉത്തരവിൽ 31.5.2021 വരെ തടഞ്ഞുവെച്ച ലീവ് സറണ്ടർ ആനുകൂല്യം അടുത്ത ആറു മാസത്തേക്ക് കൂടി നീട്ടുകയാണുണ്ടായതെന്നും ടി ഉത്തരവ് 26.07.2021 നാണ് വരുന്നതെന്നും ഉത്തരവ് വരുന്നത് വരെ ലീവ് സറണ്ടർ ആനുകൂല്യം തടഞ്ഞുവെക്കുകയോ നീട്ടിവെയ്ക്കുകയോ ചെയ്യുന്നത് സംബന്ധിച്ച യാതൊരു വിധ ഉത്തരവുകളോ സർക്കുലറുകളോ നിലവിൽ ഇല്ലാത്തതിന്റെ അടിസ്ഥാനത്തിലാണ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതും സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം.20/22) വികസന ഫണ്ടിൽ നിന്ന് 60000 രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.42/20.7.2021) ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട് . തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് (ഓഡിറ്റ് എൻക്വയറി നം.29/16.11.2022 ) ലഭ്യമാക്കിയത്. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 KSEB ക്ക് അരിയർ തുക നൽകൽ - മറുപടി / രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹1,54,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | സെക്രട്ടറി, |
| പ്രോജക്ട് നം. & പേര് | 241/22<br>KSEB യിൽ അരിയർ തുക നൽകൽ |
| അടങ്കൽ | ₹1,54,000 (തനത് ഫണ്ട്) |
| ചെലവ് | ₹1,54,000 |
| വൗച്ചർ നം. & തീയതി | 22101379/25.3.2022 |

പഞ്ചായത്തിലെ 33 തെരുവുവിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഉണ്ടായ വൈദ്യുത ചാർജിനത്തിലെ കുടിശ്ശിക അടവാക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. കൺസ്യൂമർ നമ്പർ 14039-ന് മീറ്റർ സ്ഥാപിച്ച് 33 പുതിയ കൺസ്യൂമർ നമ്പർ ആയി വിഭജിക്കുകയും ഓരോന്നിനും പ്രത്യേകം ചാർജ് ഡിമാന്റ് ചെയ്യുകയും ചെയ്തു വഴിയാണ് കുടിശ്ശിക വന്നത്. മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് മറുപടി / രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തെരുവുവിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുവാൻ എപ്പോഴാണ് KSEB ക്ക് ഡെപ്പോസിറ്റ് നൽകിയത്?

2. പ്രവൃത്തി ആരംഭിച്ചത് സംബന്ധിച്ച വിവരവും നാളിതുവരെയുള്ള ചെലവുകളും..

3. മീറ്റർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട KSEB യുടെ സാക്ഷ്യപത്രം

4. സംയുക്ത പരിശോധന റിപ്പോർട്ട്.

5.മോണിട്ടറിംഗ് റിപ്പോർട്ട്.

മറുപടി/രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹1,54,000 തടസ്സപ്പെടുത്തുന്നു. വിശദീകരണം/രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 വളം വിതരണ രജിസ്റ്റർ സൂക്ഷിപ്പ് അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് പേര്&നമ്പർ | തെങ്ങിന് ജൈവ വളം<br>കുമ്മായം<br>വിതരണം-35/22 |
| അടങ്കൽ | 6,37,500 |
| ചെലവ് | 5,45,885 |
| ബിൽ നം &തീയതി | 152/2.12.21 |

തെങ്ങിന് ജൈവ വളം കുമ്മായം വിതരണം പദ്ധതിയിൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 303 ഗുണഭോക്താക്കൾക്കാണ് സബ്സിഡി നൽകിയത് . എന്നാൽ വിതരണ രജിസ്റ്ററിൽ 399ഗുണഭോക്താക്കളുടെ പേര് എഴുതിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവർ ആയതിനാൽ ബാക്കി വരുന്ന തുകയായ ₹ 91,615 2022-23 വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളതാണെന്നും ബാക്കി 93 ഗുണഭോക്താക്കൾക്ക് 2022-23 വർഷമാണ് ആനുകൂല്യം നൽകിയതെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (4/11.11.2022) മറുപടി നൽകിയത്. ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ ഓരോ ഗുണഭോക്താവിനും നൽകുന്ന വളത്തിന്റെ

സബ്സിഡി തുക പെൻസിൽ കൊണ്ടാണ് ചേർത്തിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഇവ മാറ്റി എഴുതിയെങ്കിലും ആകെ സബ്സിഡി തുക (5,45,885+91,615 )=6,37,500 ചേർത്ത് എഴുതി ഹാജരാക്കിയിട്ടില്ല .

വാഴ കൃഷി വികസന പദ്ധതിക്കായി വളം വിതരണം ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ വിതരണ രജിസ്റ്ററിലും സബ്സിഡി തുക പിന്നീട് എഴുതി ചേർക്കുകയാണ് ചെയ്തത്. രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് പേര്&നമ്പർ | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -62/22 |
| അടങ്കൽ | 1,56,250(വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം)<br>1,56,250( സംസ്ഥാനാവിഷ്കൃത വിഹിതം )<br>3,12,500( മറ്റുള്ളവ )<br>---------------<br>6,25,000 |
| ചെലവ് ₹6,25,000 | 1,56,250 (വികസന ഫണ്ട്)<br>1,56,250 – സംസ്ഥാനാവിഷ്കൃത ഫണ്ട്<br>3,12,500 – മറ്റുള്ളവ |
| ബിൽ നം & തീയതി | 21220352011800461421 DT 24.9.21 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 1,56,250 രൂപ കണ്ണൂർ ജില്ലാ S L B P ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക കൈമാറിയത്. തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘത്തെയാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തത്. 25 ഗുണഭോക്താക്കളിൽ ഒരാൾ ഇപ്പോൾ പദ്ധതിയിൽ തുടരുന്നില്ലായെന്നും, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (18/11.11.22)മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും പദ്ധതിയിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് അനർഹമായി തുക നൽകിയിട്ടുണ്ടെങ്കിൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ടതുമാണ് .

## 1-27 സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യകൃഷി-ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രൊജക്ട് നം | 143/2022 |
| പ്രൊജക്ടിന്റെ പേര് | സുഭിക്ഷ കേരളം – ബയോഫ്ലോക്ക് മത്സ്യകൃഷി |
| അടങ്കൽ – ₹551053 | ₹72653(വികസനഫണ്ട്)<br>₹73600(സംസ്ഥാനവിഷ്കൃതഫണ്ട്)<br>₹73600(ജില്ല പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | ₹331200(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക –<br>₹145306 | 72653(വികസനഫണ്ട്)<br>72653(ജില്ല പഞ്ചായത്ത് വിഹിതം) |
| ബിൽ നം/തീയതി | 03/2021-22 തീയതി 24.03.2022-₹72653<br>40/2021-22 തീയതി 15.07.2021-₹72653 |

പ്രസ്തുത പദ്ധതി നടപ്പിനായി താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് സബ് സിഡി നൽകിയിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പ്രദീപ് കുമാർ എൻ | 35970 |
| 2 | ടി രമണി | 36466 |
| 3 | ലിജിൻ തിലക് | 36306 |
| 4 | എ കെ സുജിത്ത് | 36564 |

ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/17.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 ലൈഫ് മിഷൻ ഭവന പദ്ധതി-(പട്ടികജാതി)-ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ(പൊന്ന്യം) |
| പ്രൊജക്ട് നമ്പർ | 201/2022 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി-(പട്ടികജാതി) |
| അടങ്കൽ | ₹ 145000(എസ് സി പി) |
| ചെലവ് | ₹ 145000(എസ് സി പി) |
| ബിൽ | 3/2021-22 തീയതി 23.03.2022-₹ 145000 |

ഭൂരഹിതർക്ക് സ്ഥലം വാങ്ങി നൽകുന്നതിന് വേണ്ടി സ്ഥലം വില്പന നടത്തിയ ശ്രീ.സുനിൽ കുമാർ, വയലിൽ പുരയിൽ, കതിരൂർ എന്നയാളുടെ അക്കൗണ്ടിലേക്ക്(40460100005549) മേൽ തുക നൽകിയിട്ടുണ്ട്. താഴെ കൊടുത്ത ഗുണഭോക്താവ് വാർഡ് മെമ്പറുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതിക്ക് അനുയോജ്യമായ സ്ഥലം വാങ്ങിയിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രേമ സി, ചെറുവാരിക്കുഴിയിൽ | 11 | 145000/- |

എന്നാൽ ടിയാരി നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(22/14.11.22) മറുപടിയായി പ്രേമ സി, ചെറുവാരിക്കുഴിയിൽ എന്നവർക്ക് CEZ മേഖലയിൽ ഉൾപ്പെട്ടതിനാൽ ഭവന നിർമ്മാണം നടത്തുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കാത്തതിനാലാണ് ഭവന നിർമ്മാണം ആരംഭിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും ഉടൻ തന്നെ ഭവന നിർമ്മാണം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-29 ലൈഫ് മിഷൻ ഭവന പദ്ധതി-(ജനറൽ) അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ(പൊന്ന്യം) |
| പ്രൊജക്റ്റ് നമ്പർ | 5/2022 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി-(ജനറൽ) |
| അടങ്കൽ – ₹2230000 | വികസനഫണ്ട് -₹ 1,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -₹ 13,30,000<br>ജില്ല പഞ്ചായത്ത് വിഹിതം -₹ 8,00,000 |
| ചെലവ് – ₹2190000<br>ആകെ | വികസനഫണ്ട് -₹ 1,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -₹ 13,30,000<br>ജില്ലാപഞ്ചായത്ത് വിഹിതം -₹ 7,60,000 |
| ബിൽ നമ്പർ തീയതി/തുക | 4/2021-22തീയതി23.03.2022- ₹13,30,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>22/2021-22 തീയതി 23.03.2022 - ₹ 7,60,000 ജില്ലാപഞ്ചായത്ത് വിഹിതം<br>3/21.02.2022 – ₹100000 |

1. 4/2021-22 തീയതി 23.03.2022 ബില്ല് പ്രകാരം ഭൂരഹിത ഭവനരഹിത പദ്ധതിയിലുൾപ്പെടുത്തി സ്ഥലം വാങ്ങി നൽകുന്നതിന് വേണ്ടി ശ്രീ.സുനിൽ കുമാർ, വയലിൽ പുരയിൽ, കതിരൂർ എന്നവരുടെ അക്കൗണ്ടിലേക്ക് (40460100005549) തുക നൽകിയിട്ടുണ്ട്. താഴെ കൊടുത്ത ഗുണഭോക്താവ് വാർഡ് മെമ്പറുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതിക്ക് അനുയോജ്യമായ സ്ഥലം വാങ്ങിയിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | രതനം. ബി, അന്തോളിപ്പടിക്കൽ | 9 | ₹ 1,30,000/- |

മേൽ കൊടുത്ത വ്യക്തി സ്ഥലം വാങ്ങിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താവ് സമയബന്ധിതമായി ഭവന നിർമ്മാണം നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. 22/2021-22 തീയതി 23.03.2022 ബില്ല് പ്രകാരം മേൽ പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിനായി കുഞ്ഞാമി. ടി. പി, എന്നവർക്ക് ₹ 3,00,000 കൈമാറിയിട്ടുണ്ട്. എന്നാൽ ടിയാരി 2021-22 വർഷം ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓരോ ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗഡുക്കളായി നൽകുന്നതിന് പകരം ഒറ്റതവണയായി തുക നൽകിയത് ശരിയായ നടപടിയല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(23/14.11.22) മറുപടിയായി രതനം. ബി, അന്തോളിപ്പടിക്കൽ എന്നവരുടെ ഭൂമി CRZ വിഭാഗത്തിൽപ്പെട്ടതിനാൽ ഭവന നിർമ്മാണം നടത്തുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കാത്തതിനാലാണ് ഭവന നിർമ്മാണം ആരംഭിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. ടിയാരിക്ക് സ്ഥലം വാങ്ങി നൽകുമ്പോൾ പ്രസ്തുത സ്ഥലം സെസ് മേഖലയിലുൾപ്പെട്ടതാണെന്ന് പരിശോധിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം നടത്തുന്നതിനായി ₹ 3,00,000 കൈമാറിയ കുഞ്ഞാമി. ടി. പി എന്നവർ 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ടിയാരിയുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് മിഷൻ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കക്കൂസ്-ധന സഹായം- അപാകതകൾ - 13600/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ, കതിരൂർ സർക്കിൾ | |
| പ്രൊജക്റ്റ് നമ്പർ | 251/2022 | So 174/2022 |

| | | |
|---|---|---|
| പ്രൊജക്ടിന്റെപേര് | ലൈഫ് മിഷൻ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കക്കൂസ് | ലൈഫ് മിഷൻ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കക്കൂസ്-ധന സഹായം |
| അടങ്കൽ<br><br>ആകെ | ₹24000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹6800(തനത് ഫണ്ട്)<br>₹30800 | ₹24000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹6800(തനത് ഫണ്ട്)<br>₹30800 |
| ചെലവ്<br><br>ആകെ | ₹24000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹6800(തനത് ഫണ്ട്)<br>₹30800 | ₹24000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹6800(തനത് ഫണ്ട്)<br>₹30800 |
| ബിൽനം/ചെക്ക്നം | 4(a)/തീയതി 21.01.2022-₹ 12000<br>8c/തീയതി 21.03.2022-₹ 12000<br>-6800 (വൗച്ചർ നം -22101208/16.02.22-₹3400<br>-22101381/27.03.21-₹3400) | 1(b)/തീയതി 13.09.2021-₹ 24000<br>₹6800(തനത് ഫണ്ട്)<br>(വൗച്ചർ നം -22100592/16.09.21 ) |

ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമാണം പൂർത്തിയാക്കിയ താഴെ പരാമർശിച്ച ഗുണഭോക്താക്കൾക്ക് 21-22വർഷം" ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമാണം" എന്ന പ്രോജക്ടിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിന്റെ അപാകങ്ങൾ താഴെ പറയുന്നു.

1. പ്രൊജക്ട് നമ്പർ 251/2022 ൽ ഉൾപ്പെട്ട റംല. പി, ആശ. സി എന്നീ ഗുണഭോക്താക്കൾക്ക് മേൽ ബിൽ നമ്പർ പ്രകാരം 12,000/- രൂപ വീതം കൈമാറിയിട്ടുണ്ട്.സുലേഖ ചെലവ് പത്രിക പ്രകാരം തനത് ഫണ്ടിനത്തിൽ ₹6800 ചെലവുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2-പ്രൊജക്ട് നമ്പർ 174/2022 ൽ ഉൾപ്പെട്ട ബേബി ഇ, സുധ എസ് എന്നീ ഗുണഭോക്താക്കൾക്ക് മേൽ ബിൽ നമ്പർ പ്രകാരം 12,000/- രൂപ വീതംകൈമാറിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം തനത് ഫണ്ടിനത്തിൽ ₹6800 ചെലവുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ബന്ധപ്പെട്ട ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചത് സാധൂകരിക്കുന്നതിനാവശ്യമായ വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(37/15.11.22) നല്കിയ മറുപടിയോടൊപ്പം നിർവഹണ ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കിയിട്ടില്ല. വ്യക്തമായ മറുപടിയുടെയും വിശദീകരണതതിന്റെയും അഭാവത്തിൽ പ്രൊജക്ട് നമ്പർ 251/22 പ്രകാരമുള്ള ചെലവ് തുക 6800/-രൂപയും, പ്രൊജക്ട് നമ്പർ 174/22 പ്രകാരമുള്ള ചെലവ് തുക 6800/-രൂപയും തടസ്സപ്പെടുത്തുന്നു. കൃത്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കതിരൂർ സർക്കിൾ |
| പ്രോജക്ടിന്റെ നമ്പരും പേരും | 242/2022, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹204900 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹204900 |

| | |
|---|---|
| ബിൽ നം/ തീയ്യതി(ACR പ്രകാരം) | 306/2021-22 Dated 18.03.2022-₹142900<br>323/2021-22 Dated 22.03.2022-₹62000 |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം,പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്,തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രൊജക്ട് ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 135700 | 12000 | 7200 | 50000 | 204900 |

ആയത് പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിലുള്ള 135700 രൂപ, SMS തുക ഇനത്തിലുള്ള 7200 രൂപ ഉൾപ്പെടെ 142900 (306/2021-22 Dated 18.03.2022) രൂപയും, ലാപ് ടോപ്പ് വാങ്ങുന്നതിനായി ₹50000, QR കോഡ് തുക ₹12000 ഉൾപ്പെടെ ₹62000 രൂപയും (323/2021-22 Dated 22.03.2022) കൂടി ആകെ ₹204900 കെൽട്രോണിന് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്. കെൽട്രോണിന് നൽകിയ 142900 രൂപയുടെ അസ്സൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ലാപ് ടോപ്പ് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(42/16.11.22) നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകളിലും QR കോഡ് പതിച്ച് 22.08.22 മുതൽ സർവ്വെ ആരംഭിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ട പ്രവൃത്തികൾ പുരോഗമിച്ച് വരുകയാണെന്നും അറിയിച്ചിട്ടുണ്ട്. ലാപ് ടോപ്പ് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുകയും കെൽട്രോണിന് നൽകിയ 142900/- രൂപയുടെ അസ്സൽ ബിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്.

## 1-32 സ്വയം തൊഴിൽ സംരംഭം(വ്യക്തിഗതം)-സംരംഭം പ്രവർത്തിക്കുന്നില്ല-₹40000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കതിരൂർ സർക്കിൾ |
| പ്രോജക്ട് | സ്വയം തൊഴിൽ സംരംഭം(വ്യക്തിഗതം) |
| പ്രോജക്ട് നം | 10/22 |
| അടങ്കൽ | ₹80000(വികസനഫണ്ട്)<br>₹8000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹80,000(വികസനഫണ്ട്) |
| ബിൽ നം.& തീയതി | 8/17.03.22-₹40000<br>9/22.03.22-₹40000 |

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽപെട്ട രണ്ട് വനിതകൾക്ക് വ്യക്തിഗത സംരംഭം തുടങ്ങുന്നതിന് ധന സഹായം നൽകുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം വിമല. കെ.കെ, നാമത്ത് ഹൗസ്, ധന്യ. പി. എം, സുവർണ്ണം എന്നിവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നത്. ബിൽ നമ്പർ 8/17.03.22 പ്രകാരം ₹40000 പൊന്ന്യം കോ ഓപ്പറേറ്റീവ് ബാങ്കിനും, ബിൽ നമ്പർ 9/22.03.22 പ്രകാരം ₹40000 ഇന്ത്യൻ ഓവർസീസ് ബാങ്കിനും കൈമാറി നൽകിയിട്ടുണ്ട്. 15.11.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ ധന്യ പി.എം. എന്നവരുടെ സംരംഭം നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1)തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ചെലവഴിച്ച തുക,ഭൗതിക/പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങിയ

സാധനങ്ങളുടെ ബില്ലുകളും സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

2)സബ്സിഡി മാർഗ്ഗരേഖ ഖ.6.4 ക്രമ നം. 1,2,3,4 പ്രകാരം സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)വായ്പതുകക്ക് മാത്രമാണ് ബാങ്ക് പലിശ ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആരംഭിച്ച തൊഴിൽ സംരംഭത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്, ഒരു സ്വയംതൊഴിൽ എന്ന നിലയിൽ അംഗങ്ങൾക്ക് ഇത് പ്രയോജനപ്പെടുന്നുണ്ടോ, ആയത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (36/15.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

4)സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.4. പ്രകാരം പദ്ധതി വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നും സാമ്പത്തിക ഇടപാടുകൾ (സംരംഭത്തിൽ നിന്നുള്ള വരവുകളും) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്. സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിന്റെ ബാങ്ക് ഇടപാടുകളുടെ രേഖകൾ, സബ്സിഡിയായി അനുവദിച്ച തുക ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ബാങ്ക് വായ്പാ ഇടപാടുകൾ നടത്തിവരുന്ന പാസ്സ് ബുക്ക്, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) സംരംഭം പ്രവർത്തന സജ്ജമാണെന്ന് തെളിയിക്കുന്നതിനാവശ്യമായ വിറ്റുവരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ, പഞ്ചായത്തിന്റെ ലൈസൻസ് നമ്പർ, യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിട നമ്പർ എന്നീ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനായി ആരംഭിച്ച മേൽ പ്രോജക്ടുകളുടെയൊന്നും മോണിട്ടറിങ് നടന്നിട്ടില്ല. 15-11-2022 ന് നടത്തിയ സ്ഥല പരിശോധനയിൽ വിമല. കെ.കെ, നാമത്ത് ഹൗസ് എന്നവരുടെ കാറ്ററിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനരഹിതമാണെന്നാണ് കാണാൻ കഴിഞ്ഞത്. പ്രസ്തുത പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളെല്ലാം പരിമിതമായ ഇടുങ്ങിയ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതായാണ് കണ്ടത്. ആയതിൽ നിന്നും ഉപകരണങ്ങൾ നാളിതുവരെയായും ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാണ്. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ വിമല കെ.കെ.-യ്ക്ക് അനുവദിച്ച ₹40000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സംരംഭം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ-₹1302100 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>കതിരൂർ സർക്കിൾ |
| പ്രോജക്ട് നം. | 265/2022 |
| അടങ്കൽ<br><br><br><br>ആകെ | ₹1154000/- (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>₹151000/- (തനത് ഫണ്ട്)<br>₹145000/- ഗുണഭോക്തൃ വിഹിതം)<br>₹1450000 |
| ചെലവ്<br><br><br><br>ആകെ | ₹1154000/- (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>₹17890/- (തനത് ഫണ്ട്)<br>₹130210/- (ഗുണഭോക്തൃ വിഹിതം)<br>₹1302100 |

| | |
|---|---|
| ബിൽ നം./വൗച്ചർ നം & തീയതി | 11(a)/30.03.2022-₹1154000<br>22101475/31.03.22-₹17890<br>594614/31.03.22 –₹145000 |

പഞ്ചായത്തിൽ സ്ഥിര താമസമുള്ള 580 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം. ഒരു യൂണിറ്റിന് 2004/- രൂപയാണ് വില. സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിനാണ് വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയത്. അത് പ്രകാരം സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിന് ₹1302100/-നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 1302100/-രൂപ സൂര്യ ഡിസ്ട്രിബ്യൂട്ടേർസ് കൈപ്പറ്റിയതിന്റെ രേഖ ഫയലിൽ ഇല്ല.
2. തനത് ഫണ്ട് ചെലവഴിച്ചതിന്റെ രേഖകൾ, ഗുണഭോക്തൃ വിഹിതം സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് നല്കിയ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.
3. പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിലായി എത്ര എണ്ണം റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച് അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.
4. സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന്റെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചുണ്ടെന്ന് വ്യക്തമല്ല.
5. മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.49/17.11.2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുകയായ ₹1302100 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 വീടുകളിൽ റിംഗ് കമ്പോസ്റ്റ് - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>കതിരൂർ സർക്കിൾ |
| പ്രോജക്റ്റ് നം. | 132/2022 |
| അടങ്കൽ<br>ആകെ | ₹2020500/- (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>₹224500/- ഗുണഭോക്തൃ വിഹിതം)<br>2245000/- |
| ചെലവ്<br>ആകെ | ₹2020500/- (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>₹224498/- (ഗുണഭോക്തൃ വിഹിതം)<br>2244998/- |
| ബിൽ നം. & തീയതി | 4c/25.01.2022-1212300/-<br>4E/28.01.22-808200/-<br>4H/10.02.22-224498/- |

പഞ്ചായത്തിൽ സ്ഥിര താമസമുള്ള 1000 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം. ഒരു യൂണിറ്റിന് 2245/- രൂപയാണ് വില. സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിനാണ് വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയത്. അത് പ്രകാരം സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിന് ₹2244998/-നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ എതൊക്കെ വാർഡുകളിലായി എത്ര എണ്ണം റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.

2. സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് നല്കിയ 13,47,000/- രൂപയുടെ ബില്ല് മാത്രമെ ഫയലിൽ ലഭ്യമായിട്ടുള്ളു. ബാക്കി തുകയുടെ അസ്സൽ ബില്ലുകൾ ലഭ്യമാക്കേണ്ടതാണ്.

3. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി യുടെ ബില്ലിൽ നിന്നും 2% തുക TDS കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് നൽകിയ 22,44,998/- രൂപയിൽ നിന്നും ജി എസ് ടി കഴിച്ച് വരുന്ന തുകയിൽ നിന്നും TDS കുറവ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നം.19/11.11.2022 നൽകിയതിനെ തുടർന്ന് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. 22,44,998/-രൂപ സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് നൽകിയതിനാൽ അത്രയും തുകയ്ക്കുള്ള റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുമാണ്. CGST/SGST നിയമത്തിലെ സെക്ഷൻ 122(1)(V) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ/കുറവ് ചെയ്ത തുക സർക്കാരിലേക്ക് അടവാക്കാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 22,44,998/- രൂപയിൽ ജി എസ് ടി കഴിച്ച് വരുന്ന തുകയിൽ നിന്നും TDS കുറവ് ചെയ്ത്, പിഴ സഹിതം ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ഹരിത കർമസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകൽ- അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ, കതിരൂർ സർക്കിൾ

പ്രോജക്ടിന്റെ നമ്പറും പേരും : 175/22 ഹരിത കർമസേനക്ക് വയബലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ

അടങ്കൽ : ₹335541 (വികസന ഫണ്ട്(പൊതു വിഭാഗം)

ചെലവ് : ₹ 335541 ബിൽ നം. തീയതി 1/13-09-21

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലുള്ള ഹരിതകർമസേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 3,35,541 രൂപ നൽകിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ,പാഴ് വസ്തുക്കൾ വിറ്റുകിട്ടുന്ന തുക, മറ്റിനങ്ങളിൽ ലഭിക്കുന്ന വരവ് ഉൾപ്പെടെ ഹരിത കർമസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കേണ്ടത് . ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ 335541 രൂപ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ ബില്ലും തുക കൈപ്പറ്റിയതിന്റെ രസീതും മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഹരിത കർമസേനയ്ക്ക് നിശ്ചയിച്ച പ്രതിമാസ വേതനം സംബന്ധിച്ച വിവരങ്ങൾ, ഹരിത കർമ്മ സേനയുടെ കമ്മിറ്റി മിനിട്സ്, ഓരോ വാർഡിൽ നിന്നും പിരിച്ചെടുത്ത യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ, , കളക്ഷൻ രജിസ്റ്റർ,ബാങ്ക് പാസ് ബുക്ക്, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.ആയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16 തീയതി 11-11-22) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക മാത്രമാണ് കൈമാറിയതെന്ന് അറിയിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് കണക്കാക്കിയതിന്റെ രേഖകളോ എൻക്വയറി പ്രകാരം ആവശ്യപ്പെട്ട മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഹരിത കർമ്മസേന ഓരോ വാർഡുകളിൽ നിന്നും പിരിച്ചെടുത്ത യൂസർഫീ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് ബിൽ തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 9/22,അങ്കണവാടി പോഷകാഹാരം |
| അടങ്കൽ & ചെലവ് | ₹2000000 (വികസന ഫണ്ട്)<br>₹1000000 (കേന്ദ്ര ഫണ്ട്)<br>₹200000 (തനത് ഫണ്ട്) |

| | |
|---|---|
| | ------------ ₹3200000 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 30 അങ്കണവാടികൾക്കായി സ്നേഹശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | തുക ഉൾപ്പെടുന്ന ബിൽ നമ്പർ, തീയതി & തുക |
|---|---|---|---|
| 1 | 154/21.1.2021 | 91505 | 80/14.9.2021 ₹945625 |
| 2 | 159/23.2.2021 | 98280 | |
| 3 | 167/12.4.2021 | 98280 | |
| 4 | 172/18.5.2021 | 98280 | |
| 5 | 180/28.6.2021 | 98280<br>484625 | |
| 6 | 197/6.10.2021 | 101823 | 181/17.1.2022 -₹320739 |
| 7 | 204/12.11.2021 | 101823 | |
| 8 | 208/14.12.2021 | 101823 | |
| | | 305469 | |
| | ആകെ | 790094 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം..46/16.11.2022 ന് കുടുംബശ്രീയുമായി നിർവഹണഉദ്യോഗസ്ഥ കരാറിൽ ഏർപ്പെടാത്തതിനാൽ ടി ഡി എസ് പിടിക്കാൻ കഴിയുമോയെന്നതിൽ വ്യക്തത ഇല്ലാത്തതിനാലാണ് ചെയ്യാത്തത് എന്ന മറുപടിയാണ് നൽകിയത്. സർക്കാർ ഉത്തരവിനനുസൃതമായി നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ - ₹400000 മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കതിരൂർ |
| പ്രോജക്ട് നം. & പേര് | 102/2022, ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000 (സംരംക്ഷണ ഗ്രാന്റ് – റോഡിതരം) |
| ചെലവ് | ₹400000 |
| ബിൽ റഫ. നം. & തീയതി | 245/23.2.2022 |

NHM ഡിസ്പെൻസറിക്കും, ഗവ. ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം HOMCO യുടെ 099602000009299 നം. അക്കൌണ്ടിലേക്ക് ₹400000 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ മരുന്ന് ലഭിച്ചതിന്റെ ഒറിജിനൽ ബിൽ/ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ, ജില്ലാ മഡിക്കൽ ഓഫീസറുടെ Non Availbility Certificte എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/11.11.2022 ന് Non Availbility Certificte ഹാജരാക്കുകയും മരുന്ന് ലഭിച്ചിട്ടില്ലായെന്ന മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ₹400000 മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററും പർച്ചേസ് ബില്ലുകളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-38 മുൻകൂറായി ഒടുക്കിയ തുക തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കാതെ സ്പിൽ ഓവറായി നേരിട്ട് ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് പേര്&നമ്പർ | പട്ടിക ജാതി വിദ്യാർത്ഥികളുടെ -സമഗ്ര വിദ്യാഭ്യാസ പദ്ധതി-സ്പിൽ ഓവർ ( 173/22 ) |
| അടങ്കൽ | 56,330- വികസന ഫണ്ട്-(എസ് സി പി) |
| ചെലവ് | 56,330 |
| ബിൽ നം &തീയതി | 21220352011900533819 Dt 20/10/21 |

പട്ടിക ജാതി വിദ്യാർത്ഥികളുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്കായി 2 ലാപ്പ് ടോ പ്പുകൾ വാങ്ങിക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക 56,330 നൽകിയിട്ടുണ്ട്. എന്നാൽ ലാപ്പ് ടോപ്പ് ലഭ്യമാക്കിയിട്ടില്ല. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് ലഭ്യമാക്കാൻ കെൽട്രോണിന് കഴിയാത്തതിനാൽ പദ്ധതി പൂർത്തീയാക്കിയിട്ടില്ല എന്നും പദ്ധതി സ്പിൽ ഓവറായി 22-23വർഷം GeM മുഖേന നടപ്പിലാക്കുകയാണ് ചെയ്തത് എന്നുമാണ് ഓഡിറ്റ് എൻക്വറിയ്ക്ക് ( 26 Dt 14.11.22) മറുപടി നൽകിയത്. ഭരണസമിതി തീരുമാന പ്രകാരം പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്.

2/8/2022 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സബ് ട്രഷറി A/C No 722031400000124 ലേയ്ക്ക് ₹56,330 ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ചെലവഴിക്കാതെ തിരിച്ചുകിട്ടിയ തുക കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കാതെ നേരിട്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല .

## 1-39 തുടർ വിദ്യാഭ്യാസം സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് പേര്&നമ്പർ | തുടർ വിദ്യാഭ്യാസ പദ്ധതി -85/22 |
| അടങ്കൽ | 2,00,000-തനത് ഫണ്ട് |
| ചെലവ് | 1,31,000 |

തുടർ വിദ്യാഭ്യാസ പദ്ധതി പ്രകാരം പത്താം തരം(10 പേർ), പ്ലസ് വൺ (21 പേർ), ഭാഷാ (ഉറുദ് ഇംഗ്ലീഷ് -20 കുട്ടികൾ) എന്നീ കോഴ്സുകളിലേയ്ക്ക് കോഴ്സ് ഫീയായി 1,21,000 കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് ഒടുക്കിയിട്ടുണ്ട്. പരീക്ഷ നടക്കാത്തതിനാൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല പഠിതാക്കളെ ഗ്രാമ സഭയിൽ അംഗീകരിച്ചിട്ടില്ല . 12.8.2021 ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 29/2021നമ്പർ തീരുമാന പ്രകാരം മേൽ പഠിതാക്കളുടെ ലിസ്റ്റ് അംഗീകരിക്കുന്നതായി ഭരണസമിതിയോട് ശുപാർശചെയ്യുന്നതിനായി തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഠിതാക്കളുടെ ലിസ്റ്റ് ഗ്രാമസഭകളിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-40 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പ്

ജി ഒ (പി ) നം 177/2006 ധനം 12.4.2006 ഖ-18ൽ നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് രേഖപ്പെടുത്തണമെന്നും, തദ്ദേശസ്വയം ഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി -4) സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയവർ ഈ വിധം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-41 കാലിവീപ്പയുടെ വില ടാർ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിലേക്ക് ഒടുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ 30.10.07 ലെ സർക്കുലർ നമ്പർ 59827/FM/07 പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഏതു ഫണ്ടുപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിലേക്ക് ഒഴിഞ്ഞ ബാരൽ വില GO(P)177/06 Fin Dt 12.04.2016 ഖ 10.3 ലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് തിരിച്ചടക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരലുകളുടെ വില സഞ്ചിത നിധിയിലേക്ക് ഒടുക്കി. അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-42 അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 6.7 ആസ്തി സംരംക്ഷണ പദ്ധതിയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് വർക്കുകൾ നടത്തിയിട്ടുള്ളത്. വിട്ടുകിട്ടിയ സ്ഥാപനത്തിന്റെ മേലധികാരികൾ (ഗുണഭോക്താക്കൾ) സ്ഥാപനത്തിന് മെയിന്റനൻസ് വേണമെന്ന് ആവശ്യപ്പെട്ടതായോ എന്തെല്ലാം മെയിന്റനൻസ് വർക്കുകളാണ് ചെയ്യേണ്ടതെന്നോ ആവശ്യപ്പെട്ടുകൊണ്ടുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിടത്തിന്റെ ഗുണഭോക്താക്കൾ മെയിന്റനൻസ് വേണമെന്ന് ആവശ്യപ്പെട്ടതായോ എന്തെല്ലാം പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടതെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പറയുന്നില്ല. ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചിട്ടില്ല. 2021-22 വർഷം മെയിന്റനൻസ് വർക്ക് നടത്തിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | തനത് ഫണ്ട് (ചെലവ്) | മെയന്റനൻസ് ഗ്രാന്റ്- റോഡിതരം (ചെലവ്) |
|---|---|---|---|---|---|
| 1 | 161/22 | ഹോമിയോ ഡിസ്പെൻസറി കെട്ടിടം അറ്റകുറ്റപ്പണി | 450000 | 20369 | 409000 |
| 2 | 206/22 | പുല്ല്യോട് ഈസ്റ്റ് അംഗൻവാടി അറ്റകുറ്റപ്പണി | 100000 | 1883 | 95000 |
| 3 | 198/22 | വണ്ണാർവയൽ അംഗൻവാടി അറ്റകുറ്റപ്പണി | 200000 | 0 | 187433 |
| 4 | 205/22 | മനക്കൽ അംഗൻവാടി അറ്റകുറ്റപ്പണി | 265000 | 0 | 228248 |
| 5 | 199/22 | കാരക്കുന്ന് അംഗൻവാടി അറ്റകുറ്റപ്പണി | 250000 | 0 | 239342 |
| 6 | 207/22 | പുല്ല്യോട് സി എച്ച് നഗർ അംഗൻവാടി അറ്റകുറ്റപ്പണി | 275000 | 0 | 239490 |
| 7 | 209/22 | ഗവ ഹോമിയോ | 385000 | 0 | 346048 |

| | | | | | |
|---|---|---|---|---|---|
| | | ഡിസ്പെൻസറി നവീകരണം | | | |
| 8 | 203/22 | ആണിക്കാംപൊയിൽ അംഗൻവാടി | 150000 | 0 | 134215 |
| 9 | 204/22 | ലിറ്റിൽ സ്റ്റാർ അംഗൻവാടി അറ്റകുറ്റപ്പണി | 120000 | 0 | 104172 |
| 10 | 146/22 | മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപ്പണി | 92683 | 0 | 92683 |
| 11 | 202/22 | ഉദയം അംഗൻവാടി അറ്റകുറ്റപ്പണി | 100000 | 0 | 94902 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 8.11.2022, 9.11.2022 | കെ.എസ്.എ/കെ.എൻ.ആർ /സി.9/1638/2022 തീയതി: 13.02.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | ക്ഷീര കർഷകർക്ക് പാൽ ഉൽപാദന ഇൻസെന്റീവ് 123/22 | 1,50,000 | 0 |
| | 1,50,000 | ക്ഷീര കർഷകർക്ക് പാൽ | 1,50,000 | 0 |

| | | | | |
|---|---|---|---|---|
| | | ഉൽപാദന ഇൻസെന്റീവ് 144/22 | | |
| | 99925 | സാന്ത്വന പരിചരണം -16/22 | 99925 | 0 |
| | 2,26,600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ്- നൽകൽ 83/22 | 2,26,600 | 0 |
| | 13,30,000 | ലൈഫ് മിഷൻ ഭവന പദ്ധതി -5/22 | 13,30,000 | 0 |
| ആകെ | ₹1956525 | | 1956525 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 55,770 | സാന്ത്വന ചികിത്സ-140/22 | 55,770 | 0 |
| | 3,00,000 | സാന്ത്വന പരിചരണം -16/22 | 3,00,000 | 0 |
| | 7,512 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-99/22 | 7,512 | 0 |
| | 72,653 | സുഭിക്ഷകേരളം ബയോഫ്ലോക്ക് മത്സ്യകൃഷി-143/22 | 72,653 | 0 |
| | 79,283 | സുഭിക്ഷകേരളം അടുക്കള ത്തോട്ടം -വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-142/22 | 79,283 | 0 |
| | 3,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ്- നൽകൽ 83/22 | 3,00,000 | 0 |
| | 7,60,000 | ലൈഫ് മിഷൻ ഭവന പദ്ധതി -5/22 | 7,60,000 | 0 |
| | 40,000 | ക്ഷീര കർഷകർക്ക് പാൽ ഉൽപാദന ഇൻസെന്റീവ് 123/22 | 40,000 | 0 |
| | 1,50,000 | ക്ഷീര കർഷകർക്ക് പാൽ ഉൽപാദന ഇൻസെന്റീവ് 144/22 | 1,50,000 | 0 |
| ആകെ | ₹17,65,218 | | ₹17,65,218 | |

മുന്നിരിപ്പുള്ള തുകകൾ തിരിച്ചടച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വരവിനത്തിൽ വാർഷിക ധനകാര്യ പത്രികയുമായി 5500 വ്യത്യാസം ഉള്ളത് വിശദമാക്കിയിട്ടില്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം. & തീയതി | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ കുഴൽ കിണർ സ്ഥാപിക്കൽ നിർമ്മാണം -231/22 | 50,000 | 22100994 Dt 30.12.2021 | 50,000 | ഇല്ല |

## 4-4 മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ്റിക്കവറി

ഓഡിറ്റ്റിക്കവറി ഇനത്തിൽ താഴെ കാണും പ്രകാരം ₹ 14,159 ലഭിച്ചിട്ടുണ്ട് വരവുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗ പേരും | രശീതിനമ്പർ &തിയ്യതി |
|---|---|---|---|---|
| 2006-07 | 3-13 | 1233 | ശ്രീജിത്ത് .എം | 121010102217 Dt20.9.21 |
| 2004-05 | 3-9 | 1540 | പി.മനോഹരൻ. | 121010103886 Dt9.11.21 |
| 2006-07 | 3-1 | 296 | പി.മനോഹരൻ. | 121010103887 Dt9.11.21 |
| 2006-07 | 3-11 | 4327 | പി.മനോഹരൻ. | 121010103887 Dt9.11.21 |
| 1998-99 | 29&36 | 6763 | കെ.രാജേന്ദ്രൻ | 131010108565 Dt9.2.22 |
| | ആകെ | ₹14159 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-7 | 2003-04 | 03.13.17 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2006-07 | | 2009-10 | 2-3 | | |
| 2013-14, 2014-15 | 2-3 2-4 | 2016-17 | ഖ.2 | സ്ഥാപന തൊഴിൽ നികുതി മണപ്പുറം ഫൈനാൻസിയേഴ്സ് -ഇംഗ്ലീഷ് മീഡിയം സ്കൂൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-32<br>1-34<br>1-35 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |

## 4-9 ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,03,08,507.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,37,20,968.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,65,416 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 55,716 | ശ്രീമതി.മുന്ന പി സദാനന്ദ് (സെക്രട്ടറി ) |
| 1-24 | 1,54,000 | ശ്രീമതി.മുന്ന പി സദാനന്ദ് (സെക്രട്ടറി ) |
| 1-30 | 13600 | ശ്രീ.പ്രജിത്ത്.ടി.പി (വി ഇ ഒ കതിരൂർ ) |
| 1-32 | 40,000 | ശ്രീ.പ്രജിത്ത്.ടി.പി (വി ഇ ഒ കതിരൂർ ) |
| 1-33 | 13,02,100 | ശ്രീ.പ്രജിത്ത്.ടി.പി (വി ഇ ഒ കതിരൂർ ) |
| ആകെ | 1565416 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.മുന്ന പി സദാനന്ദ് (സെക്രട്ടറി ) | സെക്രട്ടറി,കതിരൂർ ഗ്രാമ പഞ്ചായത്ത് | രാഘവ നിവാസ് ,പാട്യം |
| ശ്രീ.പ്രജിത്ത്.ടി.പി (വി ഇ ഒ ) | വി ഇ ഒ കതിരൂർ | നീഹാരം ,ധർമ്മടം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 5 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 2 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി9/1356/2022 തിയതി: 03.11.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.9/621/21 തീയ്യതി 10.12.2021 | 15 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.9/547/21 തീയ്യതി 30.08.2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kadirur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15451431.95 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1438490.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 91005.00 |
| 140000000 | Fees & User Charges | RP-4 | 2294617.00 |
| 150000000 | Sale & Hire Charges | RP-5 | 218052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49475909.00 |
| 171000000 | Interest Earned | RP-9 | 303117.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12159607.00 |
| 350000000 | Other Liabilities | RP-36 | 512088.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 376172.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4833.00 |
| 311000000 | Earmarked Funds | RP-29 | 68938.00 |
| 340000000 | Deposits Received | RP-34 | 271600.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 352914.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12737165.00 |
| 460000000 | Loans, Advances and Deposits | RP-47 | 4000.00 |
| | Grand total | | 95759938.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4169751.00 |
| 220000000 | Administrative Expenses | RP-12 | 1329928.00 |
| 230000000 | Operations & Maintenance | RP-13 | 1316764.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5544567.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18813276.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3351943.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 3747063.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 450000.00 |
| 255000000 | Maintenance Projects | RP-20 | 2935369.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -18383.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1362915.00 |
| 350000000 | Other Liabilities | RP-36 | 15114082.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 81.00 |
| 280000000 | Prior Period Item | RP-26 | -24780.00 |
| 311000000 | Earmarked Funds | RP-29 | 53000.00 |
| 340000000 | Deposits Received | RP-34 | 22500.00 |
| 350000000 | Other Liabilities | RP-36 | 4584733.00 |
| 410000000 | Fixed Assets | RP-38 | 5269161.00 |
| 412000000 | Capital work in Progress | RP-40 | 5684269.00 |
| 430000000 | Stock-in-hand | RP-42 | 116480.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8405657.00 |
| 460000000 | Loans, Advances and Deposits | RP-47 | 992592.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12038970.95 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 95759938.95 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kadirur Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6436054.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 26469.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 153000.00 |
| 140000000 | Fee & User Charges | I-4(b) | 2694236.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 218052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 186207014.00 |
| 171000000 | Interest Earned | I-8 | 303117.00 |
| 180000000 | Other Income | I-9 | 4833.00 |
| | Total Income | | 196042775.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15585956.00 |
| 220000000 | Administrative Expenses | I-11(b) | 1400418.00 |
| 230000000 | Operations & Maintenance | I-12(b) | 1496764.00 |
| 240000000 | Interest & Finance Charges | I-13 | 35.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6165283.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 70645358.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4847133.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3787153.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 74631100.00 |
| 255000000 | Maintenance Projects | I-14(e) | 2935369.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 46500.00 |
| 272000000 | Depreciation | I-17(a) | 1600997.00 |
| | Total Expenditure | | 183642066.00 |
| | Gross Surplus/ Deficit of income over Expenditure | | 12400709.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -1490010.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 13890719.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Kadirur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 39339318.36 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 438633.00 |
| 312000000 | Reserves | B-3 | 55082260.00 |
| | Total Reserve & Surplus | | 94860211.36 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2377894.00 |
| | Total Grants, Contributions for Specific Purposes | | 2377894.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 913407.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1647856.00 |
| | Total Current Liabilities and Provisions | | 2561263.00 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 99799368.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 133065966.00 |
| 411000000 | Accumulated Depreciation | B-11 | -55355428.59 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 77710537.41 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 168249.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7606886.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12038970.95 |
| 460000000 | Loans, Advances and Deposits | B-18 | 2274725.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 22088830.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 99799368.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.